ഉത്തരം

(എ) 4,62,326 പേർക്ക് (31-10-2004 വരെ) തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) കുടുംബശ്രീയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. നഗരപ്രദേശം: സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (കേന്ദ്രാവിഷ്കൃത പദ്ധതി) യുടെ ഉപപദ്ധതികളായ (1) അർബൻ സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം (USEP) (2) ഡെവലപ്മെന്റ് ഓഫ് വിമെൻ ആന്റ് ചിൽഡ്രൺ ഇൻ അർബൻ ഏരിയ (3) അർബവേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം (UWEP).
2. ഗ്രാമപ്രദേശം: (1) കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ: (i) വ്യക്തിഗത സംരംഭങ്ങൾ (ii) ഗ്രൂപ്പ് സംരംഭങ്ങൾ. (2) ലീസ് ലാന്റ് ഫാമിംഗ്.

(സി) 50,000 അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി പുതുതായി ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ പദ്ധതിയിലൂടെ യുവതീ-യുവാക്കൾക്ക് തൊഴിൽ അവസരം

68 [156] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പദ്ധതിയിലൂടെ 50,000 യുവതീ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചത് എപ്പോഴാണ്;

(ബി) ഈ ആവശ്യത്തിനായി സംസ്ഥാന ഗവൺമെന്റ് ബജറ്റിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(സി) കേന്ദ്ര ഗവൺമെന്റിൽ ഇതിനായി കഴിഞ്ഞ ഗവൺമെന്റ് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എത്ര രൂപയ്ക്കുള്ള പ്രോജക്ടാണ് സമർപ്പിച്ചത്;

(ഇ) കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം അനുവദിച്ചിട്ടുണ്ടോ;

(എഫ്) ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2004-2005-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ഈ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചത്. തുടർന്ന് 17-6-2004-ലെ ജി. ഒ. (ആർ. ടി.) 2080/2004/തസ്വഭവ പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) തുക നീക്കിവച്ചിട്ടില്ല. തുക അനുവദിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇല്ല. എന്നാൽ ഇതുസംബന്ധിച്ച് ഒരു നിവേദനം തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി കേന്ദ്രത്തിന് നൽകിയിരുന്നു.

(ഡി) 146.50 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പ്രൊപ്പോസൽ ആണ് നിവേദനത്തിലുണ്ടായിരുന്നത്.

(ഇ) ഇല്ല.

(എഫ്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ അയൽകൂട്ടങ്ങൾക്ക് വീട് നൽകുന്ന പദ്ധതി

69 [157] *ശ്രീ. തോമസ് ചാഴികാടൻ:*

,, *റോഷി അഗസ്റ്റിൻ:*

,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വികസന പദ്ധതിയുടെ ഭാഗമായി ഭവനരഹിതരായ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വീട് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി എപ്രകാരം നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഇതനുസരിച്ച് എത്ര വീടുകളാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണം തേടിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള വികസന പദ്ധതിയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കുമാത്രമായി വീട് നൽകുന്നതിന് പ്രത്യേക പദ്ധതിയില്ല. എന്നാൽ ഭവനശ്രീ എന്ന പേരിൽ ഇവർക്കായി ഒരു പ്രത്യേക പദ്ധതി കുടുംബശ്രീ ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly